E1/32192/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം

തീയതി: 23.09.2019

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം -എയ്ഡഡ് കോളേജുകൾ -അനധ്യാപകവിഭാഗം -എയ്ഡഡ് കോളേജുകളിൽ താഴ്ന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ട അവശ്യയോഗ്യ സേവനകാലയളവ് സർക്കുലർ ഭേദഗതി -സംബന്ധിച്ച്

സൂചന :- 1)സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2020/ 2018 / ഉ വി വ തിയതി 7/ 11/ 2018
2)ഈ കാര്യാലയത്തിലെ 24/ 11/ 2018 ലെ സർക്കുലർ നമ്പർ E1/ 43599/ 2017

*********

എയ്ഡഡ് കോളേജുകളിൽ താഴ്ന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരം മാത്രമേ നടത്താൻ പാടുള്ളൂ എന്നറിയിച്ചുകൊണ്ട് മേൽ സൂചന (1 ) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ഈ സാഹചര്യത്തിൽ സൂചന(2) പ്രകാരം ഇ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച സർക്കുലർ കൂടുതൽ വ്യക്തതയോട തിരുത്തി നൽകുന്നു.എയ്ഡഡ് കോളേജുകളിൽ എൽ ഡി കമ്പ്യൂട്ടർ അസിസ്റ്റന്റ് ,ഹെർബേറിയം കീപ്പർ/ ടാക്സിഡെർമിസ്റ് ,ലൈബ്രറി/ ലാബ് അസ്സിസ്റ്റന്റ്, സ്പെസിമെൻ കളക്ടർ ,ഓഫീസ് അറ്റെൻഡന്റ് തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന മെട്രിക്കുലേഷൻ പാസ്സായിട്ടുള്ള റെഗുലർ പെർമനെന്റ് സർവീസ് ഒരു വർഷം പൂർത്തിയാക്കിയവർക്ക് പൊതുവായ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് പ്രൊമോഷൻ അനുവദനീയമാണ്.

Approval Valid

Digitally Approved By
ഡോ.ഡി.കെ സതീഷ്
Date: 23.09.2019
Reason: Approved

ഒപ്പ് /-
**ഡോ.ഡി.കെ സതീഷ്**
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1) ഡെപ്യൂട്ടി ഡയറക്ടർ ,കോളേജ് വിദ്യാഭ്യാസ വകുപ്പ് ,കൊല്ലം / കോട്ടയം / എറണാകുളം / തൃശ്ശൂർ / കോഴിക്കോട്
(താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും അറിയിക്കുന്നതിന് )
2) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )